"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഐ&പി.ആർ.ഡി- കേരള മീഡിയ അക്കാഡമിയ്ക്ക് 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിന്റെ അഞ്ചാം ഗഡുവായി 15 ലക്ഷം രൂപ അനുവദിച്ച് - ഉത്തരവാകുന്നു.

**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.115/2023/I&PRD തീയതി,തിരുവനന്തപുരം, 06-12-2023

പരാമർശം:-

1. 1. 12.05.2023 ലെ സ.ഉ.(സാധാ) നം.43/2023/ ഐ&പിആർ
2. 2. 21.07.2023 ലെ സ.ഉ.(സാധാ) നം.72/2023/ ഐ&പിആർ
3. 3.23.08.2023 ലെ സ.ഉ.(സാധാ) നം.88/2023/ഐ&പിആർ
4. 26.10.2023 ലെ സ.ഉ.(സാധാ) നം.100/2023/ഐ&പിആർ
5. 06.11.2023 ലെ കേരള മീഡിയ അക്കാദമി സെക്രട്ടറിയുടെ 90/എ/23/കെ.എം.എ നമ്പർ കത്ത്.

**ഉത്തരവ്**

കേരള മീഡിയ അക്കാദമിയിലെ സ്ഥിരം, അന്യത്ര സേവനം, കരാർ താൽകാലികം എന്നീ വിഭാഗം ജീവനക്കാർക്ക് 2023 നവംബർ മാസത്തെ ശമ്പളവും പെൻഷണർമാരുടെ ഡിസംബർ മാസത്തെ പെൻഷനും, മറ്റ് കുടിശ്ശികകളും നൽകുന്നതിനായി അക്കാദമിയുടെ നോൺ-പ്ലാൻ (ശമ്പളം) ഇനത്തിൽ അടിയന്തരമായി ഫണ്ട് ആവശ്യമാണെന്നും നടപ്പ സാമ്പത്തികവർഷം മൊത്തം 43,90,000/- രൂപയാണ് ശമ്പളയിനം അക്കൗണ്ടിൽ നാളിതുവരെ ലഭിച്ചിട്ടുള്ളതെന്നും എന്നാൽ കേരള മീഡിയ അക്കാദമിയിലെ ശമ്പളവും പെൻഷനും നൽകുന്നതിന് 2023-24 സാമ്പത്തിക വർഷം മൊത്തം 66,19,462/- രൂപയാണ് ചെലവായിട്ടുള്ളതെന്നും അധികമായി ചെലവായിട്ടുള്ള 22,29,462/- രൂപ ജീവനക്കാരുടേയും പെൻഷണർമാരുടേയും പെയ്മെന്റുകൾ മുടക്കം കൂടാതെ നൽകുന്നതിനാണ് തനതുഫണ്ടിൽ നിന്ന് തുക എടുത്തിട്ടുള്ളതെന്നും കേരള മീഡിയ അക്കാദമി - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷനിലെ കരാർ ജീവനക്കാർ, ഗസ്റ്റ് ഫാക്കൽറ്റികൾ, തിരുവനന്തപുരം സബ്സെന്ററിലെ കരാർ ജീവനക്കാർ, ഗസ്റ്റ് ഫാക്കൽറ്റികൾ എന്നിവരുടെ വേതനവും പ്രതിഫലവും മുടക്കം കൂടാതെ നൽകുന്നതിനും മറ്റ് ദൈനംദിന ആവശ്യങ്ങൾ, അക്കാദമിക് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനും വേണ്ടിയുള്ള ഫണ്ടാണ് തനതുഫണ്ടിലുള്ളതെന്നും ഇതിൽ നിന്ന് തുക എടുത്തതുമൂലം ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണെന്നും നവംബർ മാസത്തെ ശമ്പളവും പെൻഷനും നൽകുവാൻ മറ്റ് മാർഗങ്ങൾ ഒന്നും തന്നെയില്ലാത്തതിനാൽ കേരള മീഡിയ അക്കാദിമിയിലെ സ്ഥിരം, അന്യത്രസേവനം, കരാർ, താത്ക്കാലികം എന്നീ വിഭാഗങ്ങളിലെ ജീവനക്കാരുടെ ശമ്പളവും, പെൻഷണർമാരുടെ പെൻഷനും വിരമിച്ച ജീവനക്കാരുടെ കുടിശ്ശികകളും നൽകുന്നതിനായി

"നോൺ-പ്ലാൻ (ശമ്പളം)' ഇനത്തിൽ അക്കാദമിക്ക് അടിയന്തരമായി 30,00,000/-രൂപ (മുപ്പത് ലക്ഷം രൂപ മാത്രം) അനുവദിക്കണമെന്ന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെ അക്കാദമി സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2023-24 സാമ്പത്തിക വർഷം കേരള മീഡിയ അക്കാദമിക്ക് ഇതുവരെ നാല് ഗഡുക്കളായി ആകെ 43.5ലക്ഷം രൂപ [പരാമർശം (1) പ്രകാരം പദ്ധതിയേതര വിഹിതത്തിന്റെ ഒന്നാം ഗഡുവായി 16 ലക്ഷം രൂപയും പരാമർശം (2) പ്രകാരം രണ്ടാം ഗഡുവായി 10 ലക്ഷം രൂപയും പരാമർശം (3) പ്രകാരം മൂന്നാം ഗഡുവായി 5.90ലക്ഷം രൂപയും പരാമർശം (4) പ്രകാരം നാലാം ഗഡുവായി 12 ലക്ഷം രൂപയും] അനുവദിച്ചു നല്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മീഡിയ അക്കാദമിക്ക് 2023-24 സാമ്പത്തിക വർഷത്തെ 2220-60-800-98-31(NP)-Grant in aid -Salary- ശീർഷകത്തിലെ ബജറ്റ് വിഹിതത്തിൽ നിന്ന് അഞ്ചാം ഗഡുവായി 15 ലക്ഷം രൂപ ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി കേരള മീഡിയ അക്കാദമിയുടെ STSB അക്കൗണ്ടിൽ (A/c. No. 799011400006155) അനുവദിച്ച് ഉത്തരവാകുന്നു.

1) 16/04/2018-ലെ സ ഉ (പി)62/18 ധനയിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ STSB അക്കൗണ്ടിൽ (non interest bearing ) മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2) 9/12/08-ലെ സർക്കുലർ നം.84/8/ധന- ലെയും 30/01/18-ലെ സർക്കുലർ നം. 08/18/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ ഉ (കൈ) നം 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.കൂടാതെ , 11.09.2020-ലെ സ.ഉ.(കൈ)നം.93/2020/ധന തീയതി പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യ പത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം വി
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കേരളാ മീഡിയ അക്കാഡമി, കാക്കനാട്, കൊച്ചി.
ധനകാര്യ (പി.യു.സി) വകുപ്പ് (01/12/2023ലെ 2422680/ PU-C4/35/2023-FIN കുറിപ്പ്)
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (ബി) വകുപ്പ് (3 copies).
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ/പ്ലാനിംഗ്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
കരുതൽ ശേഖരം/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ